ശ്രീ. വി. ഗംഗാധരൻ നായർ: അഞ്ചൽ ജീവനക്കാരുടെ പരാതികൾ ഇൻഡ്യാഗവ ൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ ഗവൺമെന്റിനു സാധിക്കയില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഈവക സംഗതികളെപ്പറ്റി ശ്രദ്ധാലോചിച്ചു് വേണ്ടതു ചെയ്യുന്നതിനായി ഇൻഡ്യാഗവൺമെന്റിൽനിന്നും ഒരു ലയിസൻ ആഫീസറെ ഇവിടെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹവും ഇവിടത്തെ അഞ്ചൽസൂപ്രണ്ടുമായി ആലോചിച്ചു വിവരം ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചാൽ അവസാനതീരുമാനം അവർ ചെയ്യുന്നതാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ മൂന്നു അഞ്ചലാപ്പീസുകളിൽ ഷിഫ്റ്റനുസരിച്ചു് ജോലിചെയ്യിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്യുവാൻ സാധിക്കുമോ?

Mr. Speaker: That is developing an argument.

അഞ്ചൽവകുപ്പു സംഘടനം

*൯൩൩. (൩) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ വകുപ്പു് ഇൻഡ്യാഗവൺമെന്റു് ഏറ്റെടുത്തു കഴിഞ്ഞോ;

(ബി) ഏറ്റെടുക്കുമ്പോൾ സേവിംഗ്സ് ബാങ്കു് ഡിപ്പോസിറ്റിനത്തിൽ ഈ ഗവൺമെന്റിൽനിന്നും ഇൻഡ്യാഗവൺമെന്റിനു കൊടുക്കേണ്ട സംഖ്യയെത്രയാണു്;

(സി) ഫൈനൽ അവസാനംവരെ ഡിപ്പോസിറ്റു് ഇനത്തിൽ അഞ്ചൽ ഡിപ്പോസിറ്റിനത്തിലുള്ള സംഖ്യയെത്രയാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഏപ്രിൽ 1-ാംനു- മുതൽ ഏറ്റെടുത്തുകഴിഞ്ഞു.

(ബി) ഫൈനൽ ഏപ്രിൽ 1-ാംനു-മുതൽ എജൻസി അടിസ്ഥാനത്തിൽ ഈ ഗവൺമെന്റു് അഞ്ചൽ ഡിപ്പാർട്ടുമെന്റു നടത്തുകയാണു്. സേവിംഗ്സ് ബാങ്കു് ഡിപ്പോസിറ്റു ഇനത്തിൽ ഇൻഡ്യാഗവൺമെന്റിനു് എന്തെങ്കിലും തുക പണമായി കൊടുക്കേണ്ടിവരുമെന്നു് പ്രതീക്ഷിക്കുന്നില്ല.

(സി) തിരുവിതാംകൂറിൽ ൩,൪൭,ൽവ, ൪൩വ രൂപ. കൊച്ചിയിൽ ൩൨,൪൦,൦൦൦ രൂപ. ആകെ ൩ കോടി ൽ ൦ ലക്ഷത്തിൽപരം രൂപയാണു്.

ശ്രീ. പി. നാണു: ഏപ്രിൽ 1-ാംനു- ഡിപ്പോസിറ്റായി അഞ്ചൽ ഡിപ്പാർട്ടുമെന്റിലുള്ള സംഖ്യയുടെ ഉടമസ്ഥാവകാശം ഈ ഗവൺമെന്റിനാണോ, ഇൻഡ്യാഗവൺമെന്റിനാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇപ്പോൾ ഇരിക്കുന്ന നിലയിൽ നോക്കുമ്പോൾ ഈ ഗവൺമെന്റിനാണു്, അതിന്റെ ചുമതല.

ശ്രീ. പി. നാണു: ഞാൻ ചുമതലയെപ്പറ്റിയല്ല ചോദിച്ചതു്, ഉടമസ്ഥാവകാശത്തെപ്പറ്റിയാണു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉടമസ്ഥാവകാശം പണം ഡിപ്പോസിറ്റു ചെയ്തിട്ടുള്ളവർക്കാണു്.

ശ്രീ. കെ. എ. മുഹമ്മദ്: പോസ്റ്റൽ ഉരുപ്പടികൾ അഞ്ചൽ പൂൺസു വിതരണം ചെയ്യണമെന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ചില സ്ഥലങ്ങളിൽ അങ്ങനെ ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. പി. എം. വറുഗീസു്: അഞ്ചലാഫീസുകളിൽ എതെങ്കിലും കേടുപാടുകൾ നീക്കണമെന്നുണ്ടെങ്കിൽ അതിന്റെ ചുമതല ഈ ഗവൺമെന്റിനാണോ?

മിസ്റ്റർ. സ്പീക്കർ: അതു കേവലം സങ്കല്പം അടിസ്ഥാനമാക്കിയുള്ള ചോദ്യമാണു്.

Sri. D. Gnanasigamony: May I know whether there is any time limit fixed for the termination of the wages basis?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങനെയൊരു ലിമിറ്റും ഇല്ല.

ശ്രീമതി. ദേവകിഗോപിദാസ്. അഞ്ചലാപ്പീസുകളിൽ പോസ്റ്റൽ ഉരുപ്പടികൾ എടുക്കുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. വഗീസ്. കഴിഞ്ഞകൊല്ലം അഞ്ചലാപ്പീസുകൾ നന്നാക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ചെലവാകാതിരിക്കുന്നപക്ഷം അത്തരം അഞ്ചലാപ്പീസുകൾ പണിയുന്നതിനും നന്നാക്കുന്നതിനും വേണ്ടി ഇക്കൊല്ലം ഈ ഗവൺമെൻറ് പണം ചെലവാക്കുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കഴിഞ്ഞകൊല്ലം ബഡ്ജറ്റിൽ അനുവദിച്ചതുക കഴിഞ്ഞകൊല്ലംതന്നെ ചെലവായില്ലെങ്കിൽ ഇക്കൊല്ലം അതു ലാപ്സായിപ്പോകും.

Sri. D. Gnanasigamoni: Am I to understand that the wages basis will continue to be in vogue till the question regarding the deposits is nettled?

Sri. E. John Philipose: There is no relation between the settlement of deposit money and the integration of the postal and Anchal systems. The first issue is a matter to be decided by correspondence between the two Governments.

APPOINTMENTS BY THE UNIVERSITY

*934. [7] **Sri. E. P. Poulose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether vacancies to which appointments are made by the Travancore University are ordinarily advertised;

(*b*) if so what has been the medium of such advertisements; and

(c) whether any appointment has been made in the University without advertising the vacancies concerned ?

Minister for Labour and Food Supplies **[Sri. Panampilli Govinda Menon]:**

(*a*) Yes.

(*b*) Government Gazette is the medium of such advertisments. In the case of higher appointments advertisments are sent for publication in the Madras Papers and are also circulated to the Registrars of Universities.

(c) Yes; sometimes vacancies are not advertised if a large number of quilified candidates have already applied and they are in the waiting list.

ശ്രീ. ഇ. പി. പൗലോസ്: ഇവിടെ അപേക്ഷിക്കണമെന്നു താല്പര്യമുള്ള എല്ലാവർക്കും അപേക്ഷിക്കാൻ സൗകര്യം കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ അഡ്വർടൈസ് ചെയ്യുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തക്കയോഗ്യതയുള്ള ആളുകൾ അപേക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

ശ്രീ. ഇ. പി. പൗലോസ്. മേലാലെങ്കിലും അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും അപേക്ഷ ബോധിപ്പിക്കത്തക്ക സൗകര്യംകൂടി ഉണ്ടാകത്തക്കവിധത്തിൽ എല്ലാ ഉദ്യോഗങ്ങളും അഡ്വർടൈസു ചെയ്യുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്യോഗങ്ങളും ഒഴിവുവരുമ്പോൾ അഡ്വർടൈസു ചെയ്യണമെന്നതാണ് തത്വം. എന്നാൽ മൂന്നാമത്തെ അതായത്, സി. യുടെ ഉത്തരത്തിൽ പറഞ്ഞതുപോലെ.

Sometimes the vacancies are not advertised if a large number of qualified candidates have already applied and they are in the waiting list.

എന്നനയവും അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: പഴയ വൈസ് ചാൻസലർ പോയതിനുശേഷം നടത്തപ്പെട്ട നിയമനങ്ങളും എല്ലാം ഇങ്ങനെ അഡ്വർടൈസു ചെയ്തതിനുശേഷമാണോ ഉണ്ടായിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പാർട്ട സി. യിൽപെടുന്ന നിയമനങ്ങളാണ്.

ശ്രീ. കെ. എ. മാത്യു: അഡ്വർടൈസു ചെയ്യുന്നതിനുമുൻപു വേക്കൻസികളും എങ്ങനെയാണുണ്ടാകുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻപു അഡ്വർടൈസു ചെയ്തിരിക്കും. ഉദാഹരണമായി ഒരു ചരിത്ര പ്രൊഫസറുടെ വേക്കൻസി ഉണ്ടായി എന്നു വിചാരിക്കുക. അതിലേക്ക് അഡ്വർടൈസു ചെയ്തു. കുറെ അപേക്ഷകൾ കിട്ടി. ഒരാളെ നിയമിച്ചു. ബാക്കിയുള്ള ആളുകളെപ്പറ്റിയുള്ള വിവരങ്ങളെല്ലാം ലിസ്റ്റിൽതന്നെ കാണും. അങ്ങനെ ഒരു വെയിറ്റിംഗ് ലിസ്റ്റും സൂക്ഷിക്കാറുണ്ട്. പിന്നെ എപ്പോഴെങ്കിലും ഒരു ചരിത്രപ്രൊഫ

LIBRARY ARCHIVES Kerala Legislative Assembly